**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2137** **05-02-2026-ൽ മറുപടിയ്ക്ക്**

# <u>പോലീസ് വകുപ്പിന്റെ നവീകരണം</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. രാജഗോപാലൻ ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. എം. രാജഗോപാലൻ (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് പോലീസ് വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 2016 മുതൽ നാളിതു വരെ സംസ്ഥാന പോലീസിന്റെ നവീകരണത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ക്രമസമാധാന പോലീസ് സ്റ്റേഷനുകൾ, 19 പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്‌റ്റേഷനുകൾ, 4 വനിതാ പോലീസ് സ്റ്റേഷനുകൾ, കൊച്ചി മെട്രോ പോലീസ് സ്റ്റേഷൻ എന്നിവ ഉൾപ്പെടെ 37 പുതിയ പോലീസ് സ്റ്റേഷനുകൾ ഈ കാലയളവിൽ പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

**<u>മറ്റ് നവീകരണ പ്രവർത്തനങ്ങൾ</u>**

1) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 30.01.2017 തീയതിയിലെ സ.ഉ. (കൈ) നം. 15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

2) 25.02.2021 തീയതിയിലെ സ.ഉ. (കൈ) നം. 66/2021/ആഭ്യന്തരം പ്രകാരം പുതിയ ആംഡ് പോലീസ് ബറ്റാലിയനായ KAP ആറാം ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

3) 19.06.2018 ലെ സ.ഉ. (കൈ) നം. 103/2018/ആഭ്യന്തരം പ്രകാരം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, മലപ്പുറം ജില്ലയിലെ താനൂർ എന്നിവിടങ്ങളിൽ പുതിയ പോലീസ് കൺട്രോൾ റൂമുകൾ അനുവദിച്ചിട്ടുണ്ട്.

4) സൈബർ വെല്ലുവിളികളോടുള്ള പ്രതികരണം മുൻകൂട്ടി കാണുകയും തയ്യാറാക്കുകയും നയിക്കുകയും ചെയ്യുന്നതിനും സൈബർ പോലീസ് സ്റ്റേഷനുകളിലെ സൈബർ ഇടം നിരീക്ഷിക്കുന്നതിനും, കഴിവുകൾ ശക്തിപ്പെടുത്തുന്നതിനും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും, സൈബർ പട്രോളിങ്ങിനൊപ്പം അത്യാധുനിക സൈബർ ഡിവിഷൻ ആരംഭിക്കുന്നതിനും 05.01.2024 തീയതിയിലെ സ.ഉ. (കൈ) നം. 04/2024/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിലേക്കായി 466 തസ്തികകൾ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും, കേരളാ സിവിൽ പോലീസ് വിഭാഗത്തിൽ നിന്നും പുനർവിന്യാസം വഴി സൃഷ്ടിച്ചിട്ടുണ്ട്.

5) 17.03.2022 ലെ സ.ഉ. (അ) നം.51/2022/ആഭ്യന്തരം പ്രകാരം സാമ്പത്തിക കുറ്റാന്വേഷണം മികവുറ്റ രീതിയിലേക്ക് മാറ്റുന്നതിനായി പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം സ്ഥാപിച്ചു. സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനത്തിനായി എല്ലാ വർഷവും സ്റ്റേറ്റ് പ്ലാൻ

സ്കീമിൽ ഫണ്ട് വകയിരുത്തുന്നുണ്ട്.

6) പോക്സോ കേസുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 20 ജില്ലകളിലെയും ഡി.വൈ.എസ്.പി മാരുടെ കീഴിൽ 16 അംഗ ടീം രൂപീകരിച്ചിട്ടുള്ളതാണ്.

7) പോലീസ് സ്റ്റേഷനിലെയും ഉയർന്ന തലത്തിലെയും പോലീസ് പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുക, ഓൺലൈൻ പരാതികൾ രജിസ്റ്റർ ചെയ്യുക പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അവസ്ഥ കണ്ടെത്തൽ, വ്യക്തികളുടെ പരിശോധന തുടങ്ങിയ പൊതു സേവനങ്ങൾ നൽകാനുള്ള സൗകര്യങ്ങളും, സംവിധാനങ്ങളും സൃഷ്ടിക്കുന്നതിനായുള്ള CCTNS പദ്ധതി വിവിധ വർഷങ്ങളിലെ പ്ലാൻ പദ്ധതി മുഖേന നടപ്പിൽ വരുത്തിയിട്ടുള്ളതാണ്.

8) ഹാർഡ് വെയർ, സോഫ്റ്റ് വെയർ അപ്ഗ്രഡേഷൻ, ഡിജിറ്റൽ സിഗ്നേച്ചർ എന്നീ സംവിധാനങ്ങൾ മെച്ചപ്പെടുത്തി ടി പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിച്ചിട്ടുള്ളതാണ്.

9) സംസ്ഥാന പോലീസ് സേനയിൽ Artificial Intelligence ന്റെ നവീകരണത്തിനായി കേരളാ പോലീസ് സൈബർ ഡോമിന് കീഴിൽ Kerala Police Drone Forensic Lab & Research Centre 2021-ൽ സ്ഥാപിക്കുകയും, ഡ്രോണുകൾ ഉയർത്തുന്ന ഭീഷണികൾ നേരിടുന്നതിനായി Anti-Drone-കൾ വികസിപ്പിക്കുക, പുതിയ ഡ്രോണുകളുടെ നിർമ്മാണം, നിരീക്ഷണ ഡ്രോണുകൾ, വി.വി.ഐ.പി. സുരക്ഷയ്ക്ക് ആവശ്യമായ Mobile Anti Drone System തുടങ്ങിയ സംവിധാനങ്ങളുടെ നിർമ്മാണം തുടങ്ങിയ സംരംഭങ്ങൾ ടി Drone Forensic Lab & Research Centre-ൽ പുരോഗമിച്ചു വരുന്നു.

10) കേരളാ പോലീസിൽ ഇന്റലിജൻസ് ആർട്ടിഫിഷ്യൽ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 15 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 'Dedicated AI Team' രൂപീകരിച്ചിട്ടുണ്ട്.

11) കേരളാ പോലീസിന്റെ ആശയ വിനിമയ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പ്രധാന ജില്ലകളിൽ 'ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ' നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

12) കുറ്റകൃത്യങ്ങൾ തടയുന്നതിനും, ഗതാഗത ലംഘനങ്ങൾ തിരിച്ചറിയുന്നതിനും സംസ്ഥാനത്തെ പ്രധാന ലാന്റിംഗ് പോയിന്റുകളിലും, ജില്ലാ അതിർത്തികളിലും Automatic Number Plate Recognition System (ANPRS) സ്ഥാപിച്ചിട്ടുണ്ട്.

13) ബഹുമാനപ്പെട്ട സുപ്രീം കോടതി ജഡ്ജ്മെന്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളുൾപ്പെടെ 520 പോലീസ് സ്റ്റേഷനുകളിലും CCTV ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കിയിട്ടുള്ളതാണ്. കൂടാതെ 20 സൈബർ പോലീസ് സ്റ്റേഷനുകളിലും, 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലും CCTV സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും, പോലീസ് ആസ്ഥാനത്തും സി.സി.ടി.വി ക്യാമറ മോണിറ്ററിംഗ് സിസ്റ്റം എന്നിവ സ്ഥാപിച്ചിട്ടുള്ളതാണ്.

14) പിങ്ക് പ്രൊട്ടക്ഷൻ പദ്ധതി, റെയിൽവേ പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷാ പദ്ധതി ആരംഭിക്കുക, മുതിർന്ന പൗരന്മാർക്കുള്ള പ്രശാന്തി പദ്ധതി, ട്രൈബൽ കേന്ദ്രങ്ങളിൽ നടപ്പാക്കി വരുന്ന ആരണ്യകിരണം പദ്ധതി, ഹോപ്പ് പ്രോജക്റ്റ്, ചിരി ഹെൽപ്പ് ഡസ്ക്, കേരളാ പോലീസ് ബ്ലഡ് ബാങ്ക് സിസ്റ്റം മുതലായ വിവിധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 484 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു.

15) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 1042 സ്കൂളുകളിൽ വ്യാപിപ്പിച്ചു.

16) ലഹരി വസ്തുക്കളുടെ ഉപയോഗം, വ്യാപനം എന്നിവ തടയുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ 'യോദ്ധാവ്' എന്ന പദ്ധതി ആരംഭിക്കുകയും, ടി പദ്ധതി മുഖേന നാർകോട്ടിക് സെല്ലുകൾ ശക്തിപ്പെടുത്തുന്നതിനും, ലഹരി വസ്തുക്കളുടെ സാന്നിധ്യം തിരിച്ചറിയുന്നതിനും, നാർക്കോട്ടിക് കിറ്റുകൾ വാങ്ങുന്നതിനും ഫണ്ട് ചെലവഴിച്ചിരുന്നു.

17) ജൻഡർ അവയർനെസ് ആൻഡ് ജൻഡർ ഫ്രണ്ട്ലി ഇൻഫ്രാസ്ട്രക്ചർ എന്ന പദ്ധതിയുടെ കീഴിൽ

കുട്ടികളിലെ മൊബൈൽ, ഇന്റർനെറ്റ് എന്നിവയുടെ അമിത ഉപയോഗം കുറയ്ക്കുന്നതിനായി D-Dad പദ്ധതി, വനിതകൾക്ക് സ്വയം പ്രതിരോധത്തിനായുള്ള ട്രെയിനിംഗ്, വിക്ടിം സപ്പോർട്ട് സ്കീം & ഫാമിലി ആൻഡ് വുമൺ കൗൺസിലിംഗ് സെന്ററുകളുടെ നടത്തിപ്പ്, നിർഭയ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

18) 2019-20 സാമ്പത്തിക വർഷത്തിൽ MoPF പദ്ധതിയുടെ സംസ്ഥാന വിഹിതം വിനിയോഗിച്ചു കൊണ്ട് ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്.

**<u>2016 മുതൽ വിവിധ വർഷങ്ങളിലെ പ്ലാൻ പദ്ധതി മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ പോലീസ് സ്റ്റേഷനുകളുടെ വിവരങ്ങൾ</u>**

1) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് പ്ലാൻ വിഹിതം ഉപയോഗിച്ച് 37 പോലീസ് സ്റ്റേഷനുകൾക്ക് ഘട്ടം ഘട്ടം ആയി പുതിയ കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ആറന്മുള, മലയാലപ്പുഴ (പത്തനംതിട്ട), രാമങ്കരി, പുളിങ്കുന്ന്, എടത്വ (ആലപ്പുഴ), കുളമാവ്, ഉടുമ്പഞ്ചോല, മുട്ടം (ഇടുക്കി), മൂവാറ്റുപുഴ, കാലടി, വടക്കേക്കര, ആലുവ ഈസ്റ്റ് (എറണാകുളം റൂറൽ), ബേപ്പൂർ, വെള്ളയിൽ (കോഴിക്കോട് സിറ്റി), പനമരം, വൈത്തിരി, തൊണ്ടർനാട് (വയനാട്), അച്ചൻകോവിൽ, ശൂരനാട് (കൊല്ലം റൂറൽ), ഇൻഫോപാർക്ക് & സൈബർ (കൊച്ചി), തമ്പാനൂർ (തിരുവനന്തപുരം സിറ്റി), പൊന്മുടി, വർക്കല (തിരുവനന്തപുരം റൂറൽ), കാഞ്ഞിരപ്പള്ളി, രാമപുരം, തൃക്കൊടിത്താനം (കോട്ടയം), കോങ്ങാട്, ആലത്തൂർ (പാലക്കാട്), മേലാറ്റൂർ (മലപ്പുറം), മുക്കം, വടകര, കുറ്റ്യാടി, തൊട്ടിൽപാലം (കോഴിക്കോട് റൂറൽ), ചൊക്ലി, പയ്യാവൂർ (കണ്ണൂർ), മലക്കപാറ (തൃശ്ശൂർ റൂറൽ), ഗുരുവായൂർ ടൗൺ പോലീസ് സ്റ്റേഷൻ.

2) 2021-22 വർഷത്തിൽ പുളിക്കീഴ്, പെരുനാട്, മൂഴിയാർ (പത്തനംതിട്ട), വിയ്യപുരം (ആലപ്പുഴ), വാഗമൺ, മുല്ലപെരിയാർ, തങ്കമണി (ഇടുക്കി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന്, മട്ടന്നൂർ, ആലക്കോട് (കണ്ണൂർ), എഴുകോൺ (കൊല്ലം റൂറൽ) എന്നീ 12 പോലീസ് സ്റ്റേഷനുകൾക്കും, പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ.

3) 2022-23 വർഷത്തിൽ മേൽപറമ്പ് (കാസർഗോഡ്), കൊട്ടാരക്കര, ചിതറ, ശൂരനാട് (കൊല്ലം റൂറൽ), തേഞ്ഞിപ്പാലം (മലപ്പുറം), കണ്ണവം (കണ്ണൂർ സിറ്റി), വളയം, പെരുവണ്ണാമൂഴി (കോഴിക്കോട് റൂറൽ), കരുനാഗപ്പള്ളി (കൊല്ലം സിറ്റി), വാടാനപ്പള്ളി (തൃശ്ശൂർ റൂറൽ) എന്നീ 10 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചു.

4) 2023-24 വർഷത്തിൽ ചങ്ങനാശ്ശേരി (കോട്ടയം), മുണ്ടക്കയം (ഇടുക്കി), നിലമ്പൂർ, പാണ്ടിക്കാട് (മലപ്പുറം), കല്ലടിക്കോട് (പാലക്കാട്), പിണറായി (കണ്ണൂർ), അയിരൂർ (തിരുവനന്തപുരം റൂറൽ) എന്നീ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചു.

5) 2024-25 വർഷത്തിൽ കൊയിലാണ്ടി (കോഴിക്കോട് റൂറൽ), കരീലകുളങ്ങര (ആലപ്പുഴ) എന്നീ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചു.

6) 2025-26 വർഷത്തിൽ മാനന്തവാടി (വയനാട്), കുമ്പള (കാസറഗോഡ്), വാഴക്കാട് (മലപ്പുറം), പേരാവൂർ (കണ്ണൂർ റൂറൽ) എന്നീ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

7) ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ എന്നീ ജില്ലാ പോലീസ് ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ.

8) തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ.

9) കൊല്ലം സിറ്റി/ഇടുക്കി/പത്തനംതിട്ട/ തൃശ്ശൂർ സിറ്റി/കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ.

10) സുൽത്താൻ ബത്തേരി, ചങ്ങനാശ്ശേരി സബ് ഡിവിഷൻ ഓഫീസുകൾക്ക് പുതിയ കെട്ടിടം.

11) ക്രൈം ബ്രാഞ്ച് ഹെഡ് ക്വാർട്ടേഴ്സ് ഓഫീസിന് പുതിയ കെട്ടിടം.

12) കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം.

13) കാസർഗോഡ്, മലപ്പുറം സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം.

14) 'മോഡണൈസേഷൻ ഓഫ് ഫോറൻസിക് കപ്പാസിറ്റീസ്' (SMFC) എന്ന പദ്ധതി പ്രകാരം അനുവദിച്ച തുക വിനിയോഗിച്ചു കൊണ്ട് സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയ്ക്കും എല്ലാ ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾക്കും കൂടി 19 എണ്ണം ഫോറൻസിക് സയൻസ് വാൻ വാങ്ങുന്നതിനും, ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ മോഡണൈസേഷനും, അപ്ഗ്രഡേഷനുമായി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

15) 'സ്പെഷ്യൽ അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ്' എന്ന പദ്ധതി പ്രകാരം ആദ്യ ഘട്ടത്തിൽ അനുവദിച്ച 48 കോടി രൂപ വിനിയോഗിച്ചു കൊണ്ട് സംസ്ഥാനത്തെ നഗര പരിധിയിലെ പോലീസ് സ്റ്റേഷനുകൾക്ക് സമീപത്ത് പോലീസ് ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന 2016-നു ശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച പോലീസ് കെട്ടിടങ്ങളുടെ വിവരങ്ങളും, വിനിയോഗിച്ച തുകയും **അനുബന്ധം 1** ആയി ചേർത്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന 2016-നു ശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ തുടരുന്ന പോലീസ് കെട്ടിടങ്ങളുടെ വിവരങ്ങളും, വിനിയോഗിച്ച തുകയും **അനുബന്ധം 2** ആയി ചേർത്തിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ നവീകരണത്തിനായി നടപ്പിലാക്കിയിട്ടുള്ള മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3** ആയി ചേർത്തിട്ടുണ്ട്.

**(ബി)** ഓരോ പദ്ധതികൾക്കുമായി അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** 2016 മുതൽ നാളിതു വരെ സംസ്ഥാന പോലീസിന്റെ നവീകരണത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ക്രമസമാധാന പോലീസ് സ്റ്റേഷനുകൾ, 19 പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, 4 വനിതാ പോലീസ് സ്റ്റേഷനുകൾ, കൊച്ചി മെട്രോ പോലീസ് സ്റ്റേഷൻ എന്നിവ ഉൾപ്പെടെ 37 പുതിയ പോലീസ് സ്റ്റേഷനുകൾ ഈ കാലയളവിൽ പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

**<u>മറ്റ് നവീകരണ പ്രവർത്തനങ്ങൾ</u>**

1) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 30.01.2017 തീയതിയിലെ സ.ഉ. (കൈ) നം. 15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

2) 25.02.2021 തീയതിയിലെ സ.ഉ. (കൈ) നം. 66/2021/ആഭ്യന്തരം പ്രകാരം പുതിയ ആംഡ് പോലീസ് ബറ്റാലിയനായ KAP ആറാം ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

3) 19.06.2018 ലെ സ.ഉ. (കൈ) നം. 103/2018/ആഭ്യന്തരം പ്രകാരം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, മലപ്പുറം ജില്ലയിലെ താനൂർ എന്നിവിടങ്ങളിൽ പുതിയ പോലീസ് കൺട്രോൾ റൂമുകൾ അനുവദിച്ചിട്ടുണ്ട്.

4) സൈബർ വെല്ലുവിളികളോടുള്ള പ്രതികരണം മുൻകൂട്ടി കാണുകയും തയ്യാറാക്കുകയും നയിക്കുകയും ചെയ്യുന്നതിനും സൈബർ പോലീസ് സ്റ്റേഷനുകളിലെ സൈബർ ഇടം നിരീക്ഷിക്കുന്നതിനും, കഴിവുകൾ ശക്തിപ്പെടുത്തുന്നതിനും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ

സമയബന്ധിതമായി പരിഹരിക്കുന്നതിനും, സൈബർ പട്രോളിങ്ങിനൊപ്പം അത്യാധുനിക സൈബർ ഡിവിഷൻ ആരംഭിക്കുന്നതിനും 05.01.2024 തീയതിയിലെ സ.ഉ. (കൈ) നം. 04/2024/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിലേക്കായി 466 തസ്തികകൾ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും, കേരളാ സിവിൽ പോലീസ് വിഭാഗത്തിൽ നിന്നും പുനർവിന്യാസം വഴി സൃഷ്ടിച്ചിട്ടുണ്ട്.

5) 17.03.2022 ലെ സ.ഉ. (അ) നം.51/2022/ആഭ്യന്തരം പ്രകാരം സാമ്പത്തിക കുറ്റാന്വേഷണം മികവുറ്റ രീതിയിലേക്ക് മാറ്റുന്നതിനായി പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം സ്ഥാപിച്ചു. സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനത്തിനായി എല്ലാ വർഷവും സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഫണ്ട് വകയിരുത്തുന്നുണ്ട്.

6) പോക്സോ കേസുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 20 ജില്ലകളിലെയും ഡി.വൈ.എസ്.പി മാരുടെ കീഴിൽ 16 അംഗ ടീം രൂപീകരിച്ചിട്ടുള്ളതാണ്.

7) പോലീസ് സ്റ്റേഷനിലെയും ഉയർന്ന തലത്തിലെയും പോലീസ് പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുക, ഓൺലൈൻ പരാതികൾ രജിസ്റ്റർ ചെയ്യുക പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അവസ്ഥ കണ്ടെത്തൽ, വ്യക്തികളുടെ പരിശോധന തുടങ്ങിയ പൊതു സേവനങ്ങൾ നൽകാനുള്ള സൗകര്യങ്ങളും, സംവിധാനങ്ങളും സൃഷ്ടിക്കുന്നതിനായുള്ള CCTNS പദ്ധതി വിവിധ വർഷങ്ങളിലെ പ്ലാൻ പദ്ധതി മുഖേന നടപ്പിൽ വരുത്തിയിട്ടുള്ളതാണ്.

8) ഹാർഡ് വെയർ, സോഫ്റ്റ് വെയർ അപ്ഗ്രഡേഷൻ, ഡിജിറ്റൽ സിഗ്നേച്ചർ എന്നീ സംവിധാനങ്ങൾ മെച്ചപ്പെടുത്തി ടി പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിച്ചിട്ടുള്ളതാണ്.

9) സംസ്ഥാന പോലീസ് സേനയിൽ Artificial Intelligence ന്റെ നവീകരണത്തിനായി കേരളാ പോലീസ് സൈബർ ഡോമിന് കീഴിൽ Kerala Police Drone Forensic Lab & Research Centre 2021-ൽ സ്ഥാപിക്കുകയും, ഡ്രോണുകൾ ഉയർത്തുന്ന ഭീഷണികൾ നേരിടുന്നതിനായി Anti-Drone-കൾ വികസിപ്പിക്കുക, പുതിയ ഡ്രോണുകളുടെ നിർമ്മാണം, നിരീക്ഷണ ഡ്രോണുകൾ, വി.വി.ഐ.പി. സുരക്ഷയ്ക്ക് ആവശ്യമായ Mobile Anti Drone System തുടങ്ങിയ സംവിധാനങ്ങളുടെ നിർമ്മാണം തുടങ്ങിയ സംരംഭങ്ങൾ ടി Drone Forensic Lab & Research Centre-ൽ പുരോഗമിച്ചു വരുന്നു.

10) കേരളാ പോലീസിൽ ഇന്റലിജൻസ് ആർട്ടിഫിഷ്യൽ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപെട്ട 15 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 'Dedicated AI Team' രൂപീകരിച്ചിട്ടുണ്ട്.

11) കേരളാ പോലീസിന്റെ ആശയ വിനിമയ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പ്രധാന ജില്ലകളിൽ 'ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ' നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

12) കുറ്റകൃത്യങ്ങൾ തടയുന്നതിനും, ഗതാഗത ലംഘനങ്ങൾ തിരിച്ചറിയുന്നതിനും സംസ്ഥാനത്തെ പ്രധാന ലാന്റിംഗ് പോയിന്റുകളിലും, ജില്ലാ അതിർത്തികളിലും Automatic Number Plate Recognition System (ANPRS) സ്ഥാപിച്ചിട്ടുണ്ട്.

13) ബഹുമാനപ്പെട്ട സുപ്രീം കോടതി ജഡ്ജ്മെന്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളുൾപ്പെടെ 520 പോലീസ് സ്റ്റേഷനുകളിലും CCTV ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കിയിട്ടുള്ളതാണ്. കൂടാതെ 20 സൈബർ പോലീസ് സ്റ്റേഷനുകളിലും, 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലും CCTV സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും, പോലീസ് ആസ്ഥാനത്തും സി.സി.ടി.വി ക്യാമറ മോണിറ്ററിംഗ് സിസ്റ്റം എന്നിവ സ്ഥാപിച്ചിട്ടുള്ളതാണ്.

14) പിങ്ക് പ്രൊട്ടക്ഷൻ പദ്ധതി, റെയിൽവേ പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷാ പദ്ധതി ആരംഭിക്കുക, മുതിർന്ന പൗരന്മാർക്കുള്ള പ്രശാന്തി പദ്ധതി, ട്രൈബൽ കേന്ദ്രങ്ങളിൽ നടപ്പാക്കി വരുന്ന ആരണ്യകിരണം പദ്ധതി, ഹോപ്പ് പ്രോജക്റ്റ്, ചിരി ഹെൽപ്പ് ഡസ്ക്, കേരളാ പോലീസ് ബ്ലഡ് ബാങ്ക്

സിസ്റ്റം മുതലായ വിവിധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 484 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു.

15) സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി 1042 സ്കൂളുകളിൽ വ്യാപിപ്പിച്ചു.

16) ലഹരി വസ്തുക്കളുടെ ഉപയോഗം, വ്യാപനം എന്നിവ തടയുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ 'യോദ്ധാവ്' എന്ന പദ്ധതി ആരംഭിക്കുകയും, ടി പദ്ധതി മുഖേന നാർകോട്ടിക് സെല്ലുകൾ ശക്തിപ്പെടുത്തുന്നതിനും, ലഹരി വസ്തുക്കളുടെ സാന്നിധ്യം തിരിച്ചറിയുന്നതിനും, നാർക്കോട്ടിക് കിറ്റുകൾ വാങ്ങുന്നതിനും ഫണ്ട് ചെലവഴിച്ചിരുന്നു.

17) ജൻഡർ അവയർനെസ് ആൻഡ് ജൻഡർ ഫ്രണ്ട്‌ലി ഇൻഫ്രാസ്ട്രക്ചർ എന്ന പദ്ധതിയുടെ കീഴിൽ കുട്ടികളിലെ മൊബൈൽ, ഇന്റർനെറ്റ് എന്നിവയുടെ അമിത ഉപയോഗം കുറയ്ക്കുന്നതിനായി D-Dad പദ്ധതി, വനിതകൾക്ക് സ്വയം പ്രതിരോധത്തിനായുള്ള ട്രെയിനിംഗ്, വിക്ടിം സപ്പോർട്ട് സ്കീം & ഫാമിലി ആൻഡ് വുമൺ കൗൺസിലിംഗ് സെന്ററുകളുടെ നടത്തിപ്പ്, നിർഭയ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

18) 2019-20 സാമ്പത്തിക വർഷത്തിൽ MoPF പദ്ധതിയുടെ സംസ്ഥാന വിഹിതം വിനിയോഗിച്ചു കൊണ്ട് ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്.

**<u>2016 മുതൽ വിവിധ വർഷങ്ങളിലെ പ്ലാൻ പദ്ധതി മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ പോലീസ് സ്റ്റേഷനുകളുടെ വിവരങ്ങൾ</u>**

1) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് പ്ലാൻ വിഹിതം ഉപയോഗിച്ച് 37 പോലീസ് സ്റ്റേഷനുകൾക്ക് ഘട്ടം ഘട്ടം ആയി പുതിയ കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ആറന്മുള, മലയാലപ്പുഴ (പത്തനംതിട്ട), രാമങ്കരി, പുളിങ്കുന്ന്, എടത്വ (ആലപ്പുഴ), കുളമാവ്, ഉടുമ്പഞ്ചോല, മുട്ടം (ഇടുക്കി), മൂവാറ്റുപുഴ, കാലടി, വടക്കേക്കര, ആലുവ ഈസ്റ്റ് (എറണാകുളം റൂറൽ), ബേപ്പൂർ, വെള്ളയിൽ (കോഴിക്കോട് സിറ്റി), പനമരം, വൈത്തിരി, തൊണ്ടർനാട് (വയനാട്), അച്ചൻകോവിൽ, ശൂരനാട് (കൊല്ലം റൂറൽ), ഇൻഫോപാർക്ക് & സൈബർ (കൊച്ചി), തമ്പാനൂർ (തിരുവനന്തപുരം സിറ്റി), പൊന്മുടി, വർക്കല (തിരുവനന്തപുരം റൂറൽ), കാഞ്ഞിരപ്പള്ളി, രാമപുരം, തൃക്കൊടിത്താനം (കോട്ടയം), കോങ്ങാട്, ആലത്തൂർ (പാലക്കാട്), മേലാറ്റൂർ (മലപ്പുറം), മുക്കം, വടകര, കുറ്റ്യാടി, തൊട്ടിൽപാലം (കോഴിക്കോട് റൂറൽ), ചൊക്ലി, പയ്യാവൂർ (കണ്ണൂർ), മലക്കപാറ (തൃശ്ശൂർ റൂറൽ), ഗുരുവായൂർ ടൗൺ പോലീസ് സ്റ്റേഷൻ.

2) 2021-22 വർഷത്തിൽ പുളിക്കീഴ്, പെരുനാട്, മൂഴിയാർ (പത്തനംതിട്ട), വിയ്യപുരം (ആലപ്പുഴ), വാഗമൺ, മുല്ലപെരിയാർ, തങ്കമണി (ഇടുക്കി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന്, മട്ടന്നൂർ, ആലക്കോട് (കണ്ണൂർ), എഴുകോൺ (കൊല്ലം റൂറൽ) എന്നീ 12 പോലീസ് സ്റ്റേഷനുകൾക്കും, പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ.

3) 2022-23 വർഷത്തിൽ മേൽപറമ്പ് (കാസർഗോഡ്), കൊട്ടാരക്കര, ചിതറ, ശൂരനാട് (കൊല്ലം റൂറൽ), തേഞ്ഞിപ്പാലം (മലപ്പുറം), കണ്ണവം (കണ്ണൂർ സിറ്റി), വളയം, പെരുവണ്ണാമൂഴി (കോഴിക്കോട് റൂറൽ), കരുനാഗപ്പള്ളി (കൊല്ലം സിറ്റി), വാടാനപ്പള്ളി (തൃശ്ശൂർ റൂറൽ) എന്നീ 10 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചു.

4) 2023-24 വർഷത്തിൽ ചങ്ങനാശ്ശേരി (കോട്ടയം), മുണ്ടക്കയം (ഇടുക്കി), നിലമ്പൂർ, പാണ്ടിക്കാട് (മലപ്പുറം), കല്ലടിക്കോട് (പാലക്കാട്), പിണറായി (കണ്ണൂർ), അയിരൂർ (തിരുവനന്തപുരം റൂറൽ) എന്നീ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചു.

5) 2024-25 വർഷത്തിൽ കൊയിലാണ്ടി (കോഴിക്കോട് റൂറൽ), കരീലകുളങ്ങര (ആലപ്പുഴ) എന്നീ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചു.

6) 2025-26 വർഷത്തിൽ മാനന്തവാടി (വയനാട്), കുമ്പള (കാസറഗോഡ്), വാഴക്കാട് (മലപ്പുറം), പേരാവൂർ (കണ്ണൂർ റൂറൽ) എന്നീ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ

അനുമതി നൽകിയിട്ടുണ്ട്.

7) ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ എന്നീ ജില്ലാ പോലീസ് ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ.

8) തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ.

9) കൊല്ലം സിറ്റി/ഇടുക്കി/പത്തനംതിട്ട/ തൃശ്ശൂർ സിറ്റി/കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ.

10) സുൽത്താൻ ബത്തേരി, ചങ്ങനാശ്ശേരി സബ് ഡിവിഷൻ ഓഫീസുകൾക്ക് പുതിയ കെട്ടിടം.

11) ക്രൈം ബ്രാഞ്ച് ഹെഡ് ക്വാർട്ടേഴ്സ് ഓഫീസിന് പുതിയ കെട്ടിടം.

12) കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം.

13) കാസർഗോഡ്, മലപ്പുറം സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം.

14) 'മോഡണൈസേഷൻ ഓഫ് ഫോറൻസിക് കപ്പാസിറ്റീസ്' (SMFC) എന്ന പദ്ധതി പ്രകാരം അനുവദിച്ച തുക വിനിയോഗിച്ച് കൊണ്ട് സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയ്ക്കും എല്ലാ ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾക്കും കൂടി 19 എണ്ണം ഫോറൻസിക് സയൻസ് വാൻ വാങ്ങുന്നതിനും, ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ മോഡണൈസേഷനും, അപ്ഗ്രഡേഷനുമായി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

15) 'സ്പെഷ്യൽ അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ്' എന്ന പദ്ധതി പ്രകാരം ആദ്യ ഘട്ടത്തിൽ അനുവദിച്ച 48 കോടി രൂപ വിനിയോഗിച്ച് കൊണ്ട് സംസ്ഥാനത്തെ നഗര പരിധിയിലെ പോലീസ് സ്റ്റേഷനുകൾക്ക് സമീപത്ത് പോലീസ് ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന 2016-ന് ശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച പോലീസ് കെട്ടിടങ്ങളുടെ വിവരങ്ങളും, വിനിയോഗിച്ച തുകയും **അനുബന്ധം 1** ആയി ചേർത്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന 2016-ന് ശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ തുടരുന്ന പോലീസ് കെട്ടിടങ്ങളുടെ വിവരങ്ങളും, വിനിയോഗിച്ച തുകയും **അനുബന്ധം 2** ആയി ചേർത്തിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ നവീകരണത്തിനായി നടപ്പിലാക്കിയിട്ടുള്ള മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3** ആയി ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

2016 ന ശേഷം- വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ പൂർത്തികരിച്ച പോലീസ് കെട്ടിടങ്ങളുടെ വിവരങ്ങളും വിനിയോഗിച്ച തുകയും

| Sl. No | Name of building | Scheme | Amount(Lakh) |
|---|---|---|---|
| **TVPM CITY** | | | |
| 1 | Thumba P.S | MOPF 2014-15 (Plan - Central Share & State Share) | 87 |
| 2 | Thampanoor P.S | State Plan Scheme 2018-20 | 250.45 |
| 3 | 4 nos. of USQ Nemom | MOPF 2014-15 (Plan State Share) | 108 |
| 4 | District Training Centre | State Plan Scheme 2018-19 | 153.3 |
| **TVPM RURAL** | | | |
| 1 | Construction of Ponmudi PS Building | State Plan scheme(2018-19) | 140 |
| 2 | Construction of Varkala Police Station Building | State Plan scheme(2018-19) | 139 |
| 3 | Construction of Police Station building at Aruvikkara PS | MOPF 2014-15 | 93.7 |
| 4 | Construction of Police Station building at Maranalloor PS | MOPF 2014-15 | 73.5 |
| 5 | Construction of Police Station building at Vilappilssala PS | MOPF 2014-15 | 99.05 |
| 6 | Construction of a Control Room at Venjaramood | State Plan scheme (2018-19) | 75 |
| 7 | Construction of child friendly room at Attingal Police station | Plan Scheme(2019-20) | 6 |
| 8 | Construction of child friendly room at Kattakada Police station | Plan scheme (2019-2020) | 6 |
| 9 | Construction of child friendly room at Neyyattinkara Police station | Plan Scheme (2019-2020) | 6 |
| 10 | Construction of Child friendly Police station with disabled friendly Toilets at Kilimanoor | Plan Scheme (2018-19) | 9 |
| 11 | Construction of Child friendly Police station with disabled friendly Toilets at Poovar | Plan Scheme (2018-19) | 9 |
| 12 | Construction of Child friendly Police station with disabled friendly Toilet at Vithura | Plan Scheme (2018-19) | 9 |
| 13 | Construction of a Child friendly space at Parassala | Plan Scheme (2018-19) | 10 |

| | | | |
|---|---|---|---|
| **Kollam city** | | | |
| 1 | FFC & CPRC Building (DCRB) | 13th FCA 2010-11 | 83.40612 |
| 2 | Child Friendly Station at Chavara | State Plan Scheme 2018-19 | 9 |
| 3 | Child Friendly Station at Kottiyam | State Plan Scheme 2018-19 | 9 |
| 4 | Child Friendly Station at Chathannoor | State Plan Scheme 2018-19 | 9 |
| 5 | Child Friendly Station at Paravoor | State Plan Scheme 2019-20 | 6 |
| 6 | Child Friendly Station at Anchalummoodu | State Plan Scheme 2019-20 | 6 |
| **KOLLAM RURAL** | | | |
| 1 | Puthoor PS | LAC-ADS-2016-17 | 95 |
| **PATHANAMTHITTA** | | | |
| 1 | A Type dormitory at Pandalam P.S | 13 FCA (2010-11) | 125 |
| 2 | District Training Centre | State Plan Scheme 2018-19 | 87 |
| **ALAPPUZHA** | | | |
| 1 | LSQ 5 Nos. Haripadu | MoPF (2013-14) | 109.19519 |
| 2 | New building for Kurathikad Police Station | MoPF (2014-15) | 45.47049 |
| 3 | New building for Arthunkal Coastal Police Station | MoPF (2014-15) | 41.05116 |
| 4 | Construction of Children Police Station at -Alappuzha North | State Plan fund 2018-19 | 9 |
| 5 | Construction of Child Friendly room at Cherthala P S | State Plan fund 2018-19 | 9 |
| 6 | Construction of Child Friendly room at Haripad P S | State Plan fund 2018-19 | 9 |
| 7 | Construction of District Police Training center | State Plan fund 2017-18 | 90 |
| 8 | Construction of Child Friendly room at Poochackal P S | State Plan fund 2019-20 | 6 |
| 9 | Construction of Children Police Station at Mararikulam.P S | State Plan fund 2019-20 | 6 |
| 10 | Construction of Child Friendly room at Nedumudy P S | State Plan fund 2019-20 | 6 |
| 11 | LSQ 12 Nos. at Chengannur | MoPF (2013-14) | 85.86498 |
| **KOTTAYAM** | | | |
| 1 | Ramapuram PS | State Plan Scheme 2018-19 | 93 |

| | | | |
|---|---|---|---|
| 2 | Thrikkodithanam PS | State Plan Scheme 2018-19 | 99.898 |
| 3 | Kanjirappally Police Station Complex | State Plan Scheme 2018-19 | 150 |
| 4 | District Control Room at Muttambalam | State Plan Scheme 2018-19 | 80 |
| 5 | District Training Centre at Kumarakom | State Plan Scheme 2018-19 | 150 |
| 6 | Construction of 10 Nos. of LSQ at Muttambalam | MoPF 2014-2015 | 230.76920 |
| | **Idukki** | | |
| 1 | LSQ, Marayoor | MoPF 2014-15 | 115 |
| 2 | Child friendly room, Adimaly | State plan scheme 2018-19 | 5 |
| 3 | Child friendly room, Nedumkandam | State plan scheme 2018-19 | 9 |
| 4 | Child friendly room, Peerumedu | State plan scheme 2018-19 | 9 |
| 5 | Construction of Safe house A,B,C type dormitery at Munnar, Idukki | 13th FCA (2010-11) | 190 |
| 6 | Child friendly room, Murikkassery | State plan scheme 2019-20 | 6 |
| 7 | Child friendly room, Kaliyar | State plan scheme 2019-20 | 6 |
| 8 | Child friendly room, Peruvanthanam | State plan scheme 2019-20 | 6 |
| 9 | District Training Centre Munnar | State plan scheme 2019-20 | 18 |
| 10 | Construction of Police station building at Kulamavu | State plan scheme 2018-19, 2019-20 & 2020-21 | 102 |
| 11 | Construction of Police Station building at Muttom | State plan scheme 2018-19, 2019-20 & 2020-21 | 84.90 |
| 12 | Construction of Police station building at Udumbanchola | State plan scheme 2018-19, 2019-20 & 2020-21 | 102 |
| | | | |
| | **KOCHI CITY** | | |
| 1 | Traffic West Mattancherry wing | MoPF (2013-14) | 40 |
| 2 | Construction of E T North PS (Integrated work) | MoPF (2013-14) | 180 |
| 3 | Construction of Lower subordinate Quarters 12 Nos. at Kalamassery. | MoPF 2014-15 (Plan - Central Share) | 235.80 |
| 4 | Construction of Infopark & Cyber Crime PS | State Plan Scheme 2018-19 | 234.5 |
| 5 | Construction of Regional Forensic Laboratory at Nadama, Thrippunitura Ernakulam | MoPF 2013-14 (Plan - Central & State Share) | 250 |

| | | | |
|---|---|---|---|
| 6 | District Police Training Centre Kochi | Police Dept- State Plan Scheme 2018-19 | 200 |
| | **ERNAKULAM RURAL** | | |
| 1 | CI Office, Kalady | State Plan Scheme 2014-15 | 23 |
| 2 | US quarters at Aluva | MoPF 2013-14 | 87 |
| 3 | DySP Office, Perumbavoor | MLA Fund | 45 |
| 4 | Child friendly room Angamaly | MLA Fund | 31.4 |
| 5 | Angamaly Lower Subordinate Quarters 6 Nos. | MoPF 2013-14 | 119.68750 |
| 6 | District Command and Control Center, Aluva | State Plan Scheme 2018-19 | 68 |
| 7 | Aluva East Police Station Building | State Plan Scheme 2018-19 | 290 |
| | **THRISSUR CITY** | | |
| 1 | District Police Office | State Plan Scheme 2018-19 and MOPF 2013-14 | State Plan -201.5 MOPF-150 |
| 2 | CENTRAL INTERROGATION AND CUSTODIAL FACILITY CENTRE THRISSUR CITY | State Plan Scheme 2017-18 | Rs.73.82 |
| | **THRISSUR RURAL** | | |
| 1 | Construction new building of Vanitha PS | State Plance Scheme 2013- 14 | 50 |
| 2 | Construction of USQ at Mala | MoPF 2013-14 | 41.26000 |
| 3 | Construction of Tourist Police Protection and Assistant Centre at Snehatheeram, Thrissur | MoPF (2013-14) | 20 |
| 4 | Construction of USQ at Erumapetty | MoPF 2013-14 | 45.74000 |
| 5 | District Command & Control Room | MoPF 2013-14 | 61.99324 |
| 6 | Construction of Malakkappara Police Station building | State Plan fund (2018-19) | 145 |
| | **PALAKKAD** | | |
| 1 | District Training Centre | State Plan Scheme 18-19 | 20 |
| 2 | Construction of New Alathur Police Station | State Plan Fund 18-19 | 125.529 |
| 3 | Construction of New Kongadu Police Station | State Plan Fund 18-19 | 101.230 |
| 4 | Construction of LSQ 6 nos at Mankara | MoPF 2014-15 - Plan State Share | 138.46152 |

| | | | |
|---|---|---|---|
| 5 | Construction of new barrack at AR camp, Kallekkad | MoPF scheme 2013-14 | 100 |
| 6 | Construction of Kuzhalmannam Police Station | MoPF 2014-15 | 65 |
| | **MALAPPURAM** | | |
| 1 | DYSP Office, Tirur | XIII FCA, MoPF 2009-10 | 52.5 |
| 2 | Pookottumpadam Police Station | MoPF 2014 - 2015 | 73.5 |
| 3 | Kadampuzha Police Station | MoPF 2014 - 2015 | 73.5 |
| 4 | Barrack AR Camp | MoPF 2014 - 2015 | 100 |
| 5 | Melattur Police Station | State Plan-2018-2019 & 2019-2020 | 93 |
| 6 | Child Friendly Rest Room, Manjeri | State Plan 2018-2019 | 5 |
| 7 | Women Police Station | State Plan 2018-2019 | 10 |
| 8 | Control Room Tirur | MOPF 2013-14 Plan State Share | 61.99887 |
| 9 | Child Friendly Rest Room Karuvarakundu | State Plan 2018-2019 | 5 |
| 10 | Child Friendly Rest Room Tanur | State Plan 2019-2020 | 6 |
| 11 | Child Friendly Rest Room Changaramkulam | State Plan 2019-2020 | 6 |
| 12 | Child Friendly Rest Room Nilambur | State Plan 2019-2020 | 6 |
| | **KOZHIKODE CITY** | | |
| 1 | Women and Child friendly room, Nallalam P.S | State Plan Scheme 2018-19 | 5 |
| 2 | Women and Child friendly room, Mavoor P.S | State Plan Scheme 2019-20 | 6 |
| 3 | Women and Child friendly room, Elathur P.S | State Plan Scheme 2019-20 | 6 |
| 4 | Elathur Coastal P.S | MoPF (2014-15) | 56.76139 |
| 5 | Chinthavilappu Police Quarters | MOPF(2013-14) | 330 |
| 6 | Elathur P.S | MLA Fund | 45 |
| 7 | Kunnamangalam P.S | MLA Fund | 149 |
| 8 | Control room building | State Plan Scheme 2017-18 | 178 |
| 9 | Construction of Safe House | MOPF | 28 |
| 10 | Cyber P.S | Annual Plan 2018-19 | 30 |

| | | | | |
|---|---|---|---|---|
| 11 | Cyberdome | State Plan Scheme 2017-18 | | 9 |
| 12 | Video wall | State Plan Scheme 2020-21 | | 30 |
| | **KOZHIKODE RURAL** | | | |
| 1 | District control room | Annual Plan 2017-18 (State Plan Scheme 2017-18) | | 80 |
| 2 | Thottilpalam Police Station | State Plan Scheme 2020-21 | | 107 |
| 3 | Chombala Police station | MoPF 2014-15 (Plan - State Share) | | 80 |
| 4 | Vatakara Police Station, | State Plan Scheme 2020-21 | | 126 |
| 5 | Kuttiyadi Police Station | State Plan Scheme 2020-21 | | 107 |
| 6 | Police Barracks, Valayam | MoPF 2009-10 - Construction of Barrack at Valayam | | 77.50 |
| | **Kannur City** | | | |
| 1 | Newmahi PS | Plan scheme (2016-2017) | | 85 |
| 2 | TPAC Muzhappilangad | 13th FCA (2010-11) | | 20 |
| 3 | District Police training Center Kannur | MoPF (2014-15) | | 129.240 |
| 4 | Kennal Payyannur | MOPF 2009-10 | | 7 |
| 5 | Tele communication Sub unit Kannur | MOPF (2013-14) | | 25 |
| 6 | Control room kannur | MOPF 2013-14 | | 61.99000 |
| 7 | Child friendly room at Kuthuparamba PS | State Plan Scheme 2018-19 | | 5 |
| 8 | Child friendly room at Peravoor PS | State Plan Scheme 2018-19 | | 5 |
| 9 | Child friendly room at Panoor PS | State Plan Scheme 2019-20 | | 6 |
| 10 | Payyavur PS | State Plan Scheme, 2018-19, 2019-20,2020-21 | | 108 |
| | **KASARGOD** | | | |
| 1 | Construction of Family counceling Centre at DPO | Plan scheme (2017-2018) | | 10 |
| 2 | Construction of Women Police rest room at Cheemeni Police station | MOPF 2013-14 | | 3 |

| | | | |
|---|---|---|---|
| 3 | Construction of Women Police rest room at Hosdurg polce station | MOPF 2013-14 | 3 |
| 4 | Construction of new barrack at Periya, Kasaragod | MOPF 2013-14 | 100 |
| 5 | Construction of Women Help Desk at S M S Police Station at Kasaragod | Plan Scheme (2017-18) | 3.5 |
| 6 | Construction of Rest Rooms/Women/Children Friendly Room/Senior Citizen Help Desk etc. at Chandera Police station | Plan scheme (2017-2018) | 4 |
| 7 | Construction of Women Help Desk at Chandera Police station, | Plan scheme (2017-2018) | 4 |
| 8 | Construction of Rest Rooms/Women/Children Friendly Room/Senior Citizen Help Desk etc. at Vidyanagar Police station | Plan scheme (2017-2018) | 4 |
| 9 | Construction of Ramp and Friendly Toilet at Vidyanagar Police Station | Plan scheme (2017-2018) | 4 |
| 10 | Construction of Rest Rooms/Women/Children Friendly Room/Senior Citizen Help Desk etc. at Bekal Police station | Plan scheme (2017-2018) | 4 |
| 11 | Construction of Rest Rooms/Women/Children Friendly Room/Senior Citizen Help Desk etc. at Kumbala Police station, Kasaragod District | Plan scheme (2017-2018) | 4 |
| 12 | Construction of new Barrack at AR Camp, Parakkatta | MOPF (2013-14) | 100 |
| 13 | Construction of Rest Rooms/Women/Children Friendly Room/Senior Citizen Help Desk etc. at Chittarikkal Police station | Plan scheme (2017-2018) | 4 |

| | | | |
|---|---|---|---|
| 14 | Construction of Ramp and Friendly Toilet at Chittarikkal Police Station | Plan scheme (2017-2018) | 4 |
| 15 | Construction of District training centre at Kasaragod | Plan scheme (2017-2018) | 90 |
| 16 | Construction of Ramp and disabled friendly Toilet at Kasaragod PS. | Plan Scheme (2018-2019) | 4 |
| 17 | Construction of Reception/Rest room/Women /child friendly rooms /Senior Citizen help Desk at Nileshwar Police Station. | Plan Scheme (2018-2019) | 5 |
| 18 | Construction of Reception /Rest room/Women /child friendly rooms /Senior Citizen help Desk at Kasaragod Police Station. | Plan Scheme (2018-2019) | 5 |
| 19 | Construction of Reception /Rest room/Women /child friendly rooms /Senior Citizen help Desk at Manjeshwaram Police Station. | Plan Scheme (2018-2019) | 5 |
| 20 | Construction of Ramp and disabled friendly Toilet at Manjeshwar PS, Kasaragod. | Plan Scheme (2018-2019) | 4 |
| 21 | Construction of Janamaithry Room at District Police Office | Plan Scheme (2018-2019) | 5 |
| 22 | Construction of Ramp and disabled friendly Toilet at District Police Office | Plan Scheme (2018-2019) | 4 |
| 23 | Construction of district police training center at District Police Office | Plan Scheme (2017-2018) | 90 |
| 24 | Construction of women and child friendly room at Rajapuram police station | Plan Scheme (2018-2019) | 6 |
| RRRF | | | |

| | | | |
|---|---|---|---|
| 1 | Accommodation for Visiting Faculties | MoPF Incentive Fund for Police Reforms 2019/20 | 10 |
| | | KEPA | |
| 1 | Hospital at KEPA | MoPF 2013-14 | 90 |
| 2 | 9 Nos. LSQ at KEPA (Instructors Barrack) | MoPF 2013-14 | 107.71875 |
| 3 | Drill Nursery and Open Gymnasium at KEPA | MoPF 2017-18 | 15 |
| 4 | Dog Re habitation Centre at KEPA | State Plan 2018-19 | 40 |
| 5 | 5 Smart class room in Main Block at KEPA | MoPF 2013-14 | 90 |
| 6 | Renovation of Auditorium, KEPA | State Plan 2018-19 | 259.80000 |
| 7 | Centralized Kitchen at IPRTC | State Plan 2019-20 | 8.40000 |
| 8 | Construction of 5 Nos smart class rooms at SOG HQ | State Plan 2018-19 | 100 |
| | | **IR Bn** | |
| 1 | Integrated Kitchen | State Plan Scheme 2019-20 | 30 |
| 2 | Miniature Firing Butt | MOPF Incentive Fund 2019- 20 | 10 |
| 3 | Accommodation facilities for Trainees | MOPF Incentive Fund 2019- 20 | 40 |
| 4 | Accommodation for training faculties | MOPF Incentive Fund 2019- 20 | 10 |
| | | **KAP V Kuttikanam** | |
| 1 | LSQ Querters(8 Nos.) MOPF | MOPF(2013-14) | 190.25 |
| 2 | Toilet block | State Plan (2018 -19) | 35.734 |
| | | **FSL** | |
| 1 | RFSL building cum DNA lab building at Kochi | MOPF 2013-14 plan Central & State share & MOPF 2014-15 Plan Central share | 250 |
| 2 | District Forensic Science Laboratory, Chathanoor (Renovating a portion of DySP office building) | MOPF 2019-20 (Plan Central Share) | 121.6 |
| | | **TELECOMMUNICATION** | |
| 1 | Tele sub unit, Kannur | MOPF 2004-05 | 23.2948 |
| | | **RAILWAYS** | |

| | | | | | |
|---|---|---|---|---|---|
| 1 | GRP Command and Control Centre Thampanoor | State Plan Scheme 2019-20 | | 23 | |
| **SOG** | | | | | |
| 1 | Construction of Smart Class rooms at Counter Terrorism and Counter Insurgency School at Pandikkad, Malappuram | State Plan Scheme 2018-19 | | 100 | |
| **PTC** | | | | | |
| 1 | State Level Dormitory (REST) | FCA 2012-13 | | 500 | |

സെക്ഷൻ ഓഫീസർ